# മുറാഖബ ദുആ

يا الله يا الله يا الله يا الله يا الله يا الله لا اله الا الله صل على النبي يا الله

അല്ലാഹുവേ, നീ സൃഷ്ടിക്കുന്ന ഓരോ സൃഷ്ടിക്കും ഭക്ഷണവും വെള്ളവും ഒരുക്കിവെക്കുകയും, സൗകര്യങ്ങളും, അസൗകര്യങ്ങളും അപ്പപ്പോൾ സംവിധാനിക്കുകയും ചെയ്യുന്ന റഹ്മാനേ, നീ എത്ര പരിശുദ്ധൻ. ഞങ്ങൾ നിന്റെ കാരുണ്യത്തെ ആഗ്രഹിച്ചു കൊണ്ടുതന്നെ നിന്റെ കോപത്തിൽ നിന്ന് അഭയം തേടുന്നു, റഹ്മാനേ....

يا الله يا الله يا الله يا الله يا الله يا الله لا اله الا الله صل على النبي يا الله

ഇല്ലായ്മയിൽ നിന്ന് അഖിലവും സൃഷ്ടിക്കുകയും നിന്റെ നിശ്ചയാനുസരണം ഞങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്ന റഹ്മാനേ, ഞങ്ങൾ നിന്നോടഭയം തേടുന്നു.

يا الله يا الله يا الله يا الله يا الله يا الله لا اله الا الله صل على النبي يا الله

അല്ലാഹുവേ, നീ ഞങ്ങൾക്കു നിർബന്ധമാക്കിയ നിസ്ക്കാരങ്ങളും മറ്റുകർമ്മങ്ങളും അനുഷ്ഠിക്കുവാനും നിന്റ പ്രീതിക്കു വേണ്ടി പ്രവർത്തിക്കുവാനും നിന്റെ സംതൃപ്തി കരസ്ഥമാക്കുവാനും ഞങ്ങളെ അനുഗ്രഹിക്കേണമേ, റഹ്മാനേ......

يا الله يا الله يا الله يا الله يا الله يا الله لا اله الا الله صل على النبي يا الله

അല്ലാഹുവേ, വിശ്വാസത്തിലെയും ആചാരനുഷ്ഠാനങ്ങളിലെയും പിഴവുകളിൽ നിന്ന് ഞങ്ങളെ കാക്കുകയും നിന്റെ മഹത്തായ മാർഗ്ഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ റഹ്മാനേ...

يا الله يا الله يا الله يا الله يا الله يا الله لا اله الا الله صل على النبي يا الله

നന്മകൊണ്ടും തിന്മകൊണ്ടും ഞങ്ങളെ പരീക്ഷിക്കുന്ന നാഥാ, നിന്റെ പരീക്ഷണങ്ങൾ ക്ഷമയോടെ ഉൾകൊണ്ട് നന്മ പ്രവർത്തിക്കുവാൻ ഭാഗ്യം ലഭിക്കുകയും, നിന്റെ തൃപ്തി കരസ്ഥമാക്കുന്നവരിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ... റഹ്മാനേ.....

يا الله يا الله يا الله يا الله يا الله يا الله لا اله الا الله صل على النبي يا الله

അല്ലാഹുവേ, ഹൃദയത്തെ മലിനമാക്കുന്ന കിബ്ർ, അസൂയ, അഹങ്കാരം, ദാരിദ്ര്യം ഭയന്നു പിശുക്കു കാണിക്കൽ, പലിശ എന്നിവ പോലുള്ള ഈമാൻ കാർന്നുതിന്നുന്ന മാരക രോഗങ്ങളിൽനിന്ന് ഞങ്ങളുടെ ഹൃദയങ്ങൾക്ക് കാവൽ നൽകേണമേ റഹ്മാനേ....

يا الله يا الله يا الله يا الله يا الله يا الله لا اله الا الله صل على النبي يا الله

അല്ലാഹുവേ, ഞങ്ങൾക്ക് മാപ്പും പാപമോചനവും നൽകി നിന്റെ സന്തുഷ്ടിക്കും സംതൃപ്തിക്കും അർഹത നേടത്തക്കവിധം സ്വാലിഹായ അമലുകൾ അനുഷ്ഠിക്കുവാൻ ഞങ്ങൾക്കു നീ ഉദവി നൽകേണമേ, റഹ്മാനേ...

يا الله يا الله يا الله يا الله يا الله يا الله لا اله الا الله صل على النبي يا الله

AMBAMKUNNU KOYAKA FUND MANNARKKAD
AMBAMKUNNU KOYAKA FUND MANNARKKAD

അല്ലാഹുവേ നിനക്കു വേണ്ടി നിലകൊള്ളുന്നവരിലും നീതിപൂർവ്വം സാക്ഷ്യം വഹിക്കുന്നവരിലും ഞങ്ങളെ നീ ഉൾപ്പെടുത്തേണമേ, റഹ്മാനേ.....

يا الله يا الله يا الله يا الله يا الله يا الله لا إله إلا الله صل على النبي يا الله

അല്ലാഹുവേ, നീ നിശ്ചയിച്ച അവധി വരിക തന്നെ ചെയ്യും, നിന്റെ തൃപ്തിപ്പെട്ട അടിമയായി നിന്നെ കണ്ടു മുട്ടണമെന്നു പ്രതീക്ഷിക്കുന്നു. നീ എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്, നിന്നിൽ ഞങ്ങൾ ഭരമേൽപ്പിക്കുന്നു റഹ്മാനേ.....

يا الله يا الله يا الله يا الله يا الله يا الله لا إله إلا الله صل على النبي يا الله

അല്ലാഹുവേ, ഞങ്ങളുടെ ദുൻയവിയായ എല്ലാ ഹഖിടപാടുകളും കൊടുത്തു തീർക്കുവാനോ പറഞ്ഞു തീർക്കുവാനോ നീ ഞങ്ങൾക്ക് തൗഫീഖ് ചൊരിയേണമേ, റഹ്മാനേ.....

يا الله يا الله يا الله يا الله يا الله يا الله لا إله إلا الله صل على النبي يا الله

അല്ലാഹുവേ, ഞങ്ങളുടെ മാതാപിതാക്കൾ, സഹോദരീ സഹോദരന്മാർ, ഭാര്യ, സന്താനങ്ങൾ, ബന്ധുമിത്രാദികൾ, ഉസ്താദുമാർ, മറ്റുസത്യവിശ്വാസികൾ – ഇവരുടെയും നമ്മുടെയും സ്വാലിഹായ ഉദ്ദേശ്യങ്ങൾ നിറവേറ്റുകയും അറിഞ്ഞും അറിയാതെയും, ചെറുതും വലുതുമായ വല്ല തെറ്റുകളും അവരിൽനിന്നും നമ്മളിൽ നിന്നും വന്നുപോയിട്ടുണ്ടങ്കിൽ അവക്കും നമുക്കും മാപ്പേകുകയും ചെയ്യേണമേ റഹ്മാനേ.....

يا الله يا الله يا الله يا الله يا الله يا الله لا إله إلا الله صل على النبي يا الله

അല്ലാഹുവേ, നീ ഞങ്ങൾക്കു ദാനമായി നൽകിയ സത്യവിശ്വാസവും അറിവും, വിവേകവും ഞങ്ങളിൽ നിന്നു നീക്കിക്കളയരുതേ റഹ്മാനേ...

يا الله يا الله يا الله يا الله يا الله يا الله لا إله إلا الله صل على النبي يا الله

അല്ലാഹുവേ, നീ ഞങ്ങൾക്കും ഞങ്ങളുമായി ബന്ധപ്പെട്ടവർക്കും സ്വാലിഹായ സന്താനങ്ങളെ നൽകുകയും ഞങ്ങൾക്ക് നൽകിയ സന്താനങ്ങളെ സ്വാലിഹീങ്ങളിൽ ഉൾപ്പടുത്തുകയും ചെയ്യേണമേ റഹ്മാനേ.....

يا الله يا الله يا الله يا الله يا الله يا الله لا إله إلا الله صل على النبي يا الله

അല്ലാഹുവേ, ഞങ്ങളുടെ കച്ചവടങ്ങളിലും കൃഷിയിലും തൊഴിലിലും നിന്റെ പൊരുത്തപ്പെട്ട അഭിവൃദ്ധിയും ബർകത്തും നൽകേണമേ റഹ്മാനേ....

يا الله يا الله يا الله يا الله يا الله يا الله لا إله إلا الله صل على النبي يا الله

അല്ലാഹുവേ, മനുഷ്യരിലും ജിന്നുകളിലുംപെട്ട പിശാചുക്കളുടെ ഉപദ്രവങ്ങളിൽനിന്നു ഞങ്ങൾക്കു നീ രക്ഷ നൽകേണമേ റഹ്മാനേ.....

يا الله يا الله يا الله يا الله يا الله يا الله لا إله إلا الله صل على النبي يا الله

അല്ലാഹുവേ, അമ്പംകുന്ന് കോയാക്കഫണ്ട് എന്ന സ്ഥാപനത്തിന്റെ ഉന്നമനത്തിനു വേണ്ടി ശാരീരികമായും മാനസികമായും സാമ്പത്തികമായും ആത്മാർഥതയോടെ പ്രവർത്തിച്ചവർക്ക് ഇഹലോകത്തു നിന്റെ നന്മനിറഞ്ഞ ജീവിതത്തിന് ഉദവി നൽകുകയും അവരുടെ നല്ല ഉദ്ദേശ്യങ്ങൾ പൂർത്തീകരിക്കു

AMBAMKUNNU KOYAKA FUND MANNARKKAD
AMBAMKUNNU KOYAKA FUND MANNARKKAD

കയും പരലോകത്ത് നിന്റെ ഔദാര്യത്താൽ അനുഗ്രഹിക്കുന്നവരുടെ കൂട്ടത്തിൽ അവരെയും ഞങ്ങളെയും ഉൾപ്പെടുത്തുകയും ചെയ്യേണമേ റഹ്മാനേ....

يا اللهُ يا الله يا اللهُ يا الله لا اله الا اللهُ صلِّ على النبي يا الله

അല്ലാഹുവേ, നിന്റെ ഔന്നത്യത്തിൽനിന്നു പൊട്ടിയൊഴുകുന്ന നന്മയുടെ ഉറവകളാൽ കോയാക്ക ഫണ്ടെന്ന സ്ഥാപനത്തെ ഇന്നേവരെ കനിഞ്ഞനുഗ്രഹിച്ച ഔദാര്യങ്ങൾ വർധിതമായി എന്നെന്നും നല്കുകയും ചെയ്യേണമേ റഹ്മാനേ...

يا اللهُ يا الله يا اللهُ يا الله لا اله الا اللهُ صلِّ على النبي يا الله

അല്ലാഹുവേ, ഞങ്ങളിൽ പല രോഗങ്ങളാലും ബുദ്ധിമുട്ടുന്നവരുണ്ട്. ആ രോഗങ്ങൾക്കെല്ലാം ശിഫ തന്ന് ആഫിയത്തിനും, ആരോഗ്യത്തിനും, നിറവോടെയുള്ള ദീർഘായുസ്സിനും, തൗഫീഖ് നൽകേണമേ റഹ്മാനേ...

يا اللهُ يا الله يا اللهُ يا الله لا اله الا اللهُ صلِّ على النبي يا الله

അല്ലാഹുവേ, ഞങ്ങളിൽനിന്നു മൺമറഞ്ഞുപോയ മാതാപിതാക്കൾ, ബന്ധുമിത്രാദികൾ, ഉസ്താദുമാർ, അമ്പംകുന്ന് കോയാക്ക ഫണ്ട് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ടവർ എന്നിവർക്കും അല്ലാഹുവിന്റെ ഔദാര്യം ആഗ്രഹിച്ച് ജീവിതം നയിച്ചവർക്കും ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവർക്കും അവരുടെ ഖബറുകൾ വിശാലമാക്കുകയും പരലോക ജീവിതം ശോഭനീയമാക്കുകയും ചെയ്യേണമേ റഹ്മാനേ.....

يا اللهُ يا الله يا اللهُ يا الله لا اله الا اللهُ صلِّ على النبي يا الله

അല്ലാഹുവേ, അവസാനം നിന്റെ പരിപൂർണ്ണ ഈമാൻ പ്രദാനം ചെയ്യുന്ന ലാ ഇലാഹ ഇല്ലല്ലാഹ് എന്ന കലിമതുത്തൗഹീദ് ചൊല്ലി മരിക്കാൻ ഞങ്ങൾക്ക് നീ തൗഫീഖ് നൽകേണമേ റഹ്മാനേ....

يا اللهُ يا الله يا اللهُ يا الله لا اله الا اللهُ صلِّ على النبي يا الله

അല്ലാഹുവേ, ഖബറിൽ മുൻകർ, നകീർ (അ) എന്ന മലക്കുകളുടെ ചോദ്യങ്ങൾക്കു ശരിയായ ഉത്തരം നൽകാൻ സഹായിക്കുകയും എല്ലാ ശിക്ഷകളിൽനിന്നും ഞങ്ങൾക്കു കാവൽ നൽകുകയും ചെയ്യേണമേ റഹ്മാനേ....

يا اللهُ يا الله يا اللهُ يا الله لا اله الا اللهُ صلِّ على النبي يا الله

അല്ലാഹുവേ, ഞങ്ങളുടെ ബർസഖിയായ ജീവിതത്തിൽ റാഹത്തും സന്തോഷവും നൽകേണമേ റഹ്മാനേ....

يا اللهُ يا الله يا اللهُ يا الله لا اله الا اللهُ صلِّ على النبي يا الله

അല്ലാഹുവേ, ഞങ്ങളുടെ ഹിസാബിലും അമലുകൾ തൂക്കുന്ന മീസാനിലും സ്വിറാത്ത് പാലം കടക്കുമ്പോഴും ഞങ്ങൾക്കു നീ കാവലേകണമേ റഹ്മാനേ....

يا اللهُ يا الله يا اللهُ يا الله لا اله الا اللهُ صلِّ على النبي يا الله

AMBAMKUNNU KOYAKA FUND MANNARKKAD
AMBAMKUNNU KOYAKA FUND MANNARKKAD

അല്ലാഹുവേ, അർശിന്റെതല്ലാത്ത മറ്റു തണലുകളില്ലാത്ത ആ ഭീതി നിറഞ്ഞ ദിവസം നിന്റെ അർശിന്റെ തണലിൽ ഞങ്ങൾക്കും നീ ഇടം തരേണമേ റഹ്മാനേ......

يَا اَللّٰهُ يَا اَللّٰه يَا اَللّٰهُ يَا اَللّٰه يَا اَللّٰهُ يَا اَللّٰه لَا اِلٰهَ اِلَّا اللّٰهُ صَلِّ عَلَى النَّبِي يَا اَللّٰه

അല്ലാഹുവേ, നബിമാർ, സിദ്ദീഖുകൾ, ശുഹദാക്കൾ, സ്വാലിഹീങ്ങൾ എന്നിവരുടെ കൂടെ ജന്നാതുൽ ഫിർദൗസിൽ ഞങ്ങളെയും നീ ഉൾപ്പെടുത്തേണമേ റഹ്മാനേ...

يَا اَللّٰهُ يَا اَللّٰه يَا اَللّٰهُ يَا اَللّٰه يَا اَللّٰهُ يَا اَللّٰه لَا اِلٰهَ اِلَّا اللّٰهُ صَلِّ عَلَى النَّبِي يَا اَللّٰه

പ്രഭാതത്തിലും, പ്രദോഷത്തിലും എല്ലായ്പ്പോഴും നിന്റെയും തിരുദൂതരുടെയും ദർശനങ്ങൾ ഞങ്ങൾക്ക് നീ നൽകേണമേ മന്നാനേ.....

يَا اَللّٰهُ يَا اَللّٰه يَا اَللّٰهُ يَا اَللّٰه يَا اَللّٰهُ يَا اَللّٰه لَا اِلٰهَ اِلَّا اللّٰهُ صَلِّ عَلَى النَّبِي يَا اَللّٰه

صَلَّى اللّٰهُ عَلٰى مُحَمَّدٍ صَلَّى اللّٰهُ عَلَيْهِ وَسَلَّمْ صَلَّى اللّٰهُ عَلٰى مُحَمَّدٍ صَلَّى اللّٰهُ عَلَيْهِ وَسَلَّمْ

صَلَّى اللّٰهُ عَلٰى مُحَمَّدٍ صَلَّى اللّٰهُ عَلَيْهِ وَسَلَّمْ (3)

AMBAMKUNNU KOYAKA FUND MANNARKKAD
AMBAMKUNNU KOYAKA FUND MANNARKKAD

**AMBAMKUNNU KOYAKA FUND**
THENKARA(PO), MANNARKKAD(VI)
PALAKAD(DIST), KERALA-678582
9846408837,9645406500
gmail:akf1245mkd@gmail.com